# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *58 27/02/2018-ൽ മറുപടിക്ക്

## നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന ജലവൈദ്യുത പദ്ധതികൾ

| | ചോദ്യം<br>**ശ്രീ.കാരാട്ട് റസാഖ്**<br>**,, രാജു എബ്രഹാം**<br>**,, പി.കെ. ശശി**<br>**,, ജോൺ ഫെർണാണ്ടസ്** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആവശ്യമായ തോതിലും ഗുണത്തിലും വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ആവശ്യമായ തോതിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനായി നിർമ്മാണം നടന്നുവരുന്ന 9 ജലവൈദ്യുത പദ്ധതികൾ (ആകെ 166.5 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ ആകെ 53 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 3 പദ്ധതികൾ ഈ വർഷം തന്നെ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിടുന്നു. ബാക്കി 6 പദ്ധതികൾ 2020-2021 ഓടുകൂടി പൂർത്തിയാക്കാനും ലക്ഷ്യമിടുന്നു. കൂടാതെ ആകെ 149 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 15 പുതിയ ജലവൈദ്യുത പദ്ധതികൾമൂലം പ്രതിവർഷം 906 ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കാൻ സാധിക്കും.<br><br>2018 ഫെബ്രുവരി 19-ാം തീയതി വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം 67.76 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉൽപ്പാദനം 11.57 ദശലക്ഷം യൂണിറ്റാണ്. കേരളത്തിന് ആവശ്യമായ അധിക വൈദ്യുതി സംസ്ഥാനത്തിനു പുറത്തു നിന്നും കേന്ദ്ര വിഹിതമായും, ദീർഘകാല കരാർ വഴിയുമാണ് ലഭ്യമാക്കുന്നത്.<br><br>സ്വകാര്യമേഖലയുടെ സഹായത്തോടെ 'BOOT' അടിസ്ഥാനത്തിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത |

പദ്ധതികൾ 30 വർഷത്തേക്ക് അനുവദിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 47.4 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. ഈ 20 പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.

മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതോത്പാദനം നടത്തുന്നതിന് 3 പദ്ധതികളാണ് അനെർട്ട് നടത്തിവരുന്നത്.

**1. സോളാർ കണക്ട് (വൈദ്യുത ശൃംഖലാബന്ധിതം)**

മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് ഉത്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉപയോഗം കഴിഞ്ഞ് അധികം വരുന്നത് വൈദ്യുത വിതരണ കമ്പനികളുടെ ലൈനിലേക്ക് നൽകുന്ന പദ്ധതിയാണിത്. ഇത് ഗാർഹികവും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സബ്സിഡിയോടുകൂടിയും മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്ക് സബ്സിഡിയില്ലാതെയും നടത്തി വരുന്നു. ഈ പദ്ധതിയിൽ ഇതുവരെ 8 മെഗാവാട്ടിൽ അധികം സ്ഥാപിതശേഷി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2017-18 വർഷം 10 മെഗാവാട്ടിനുള്ള അനുമതി ലഭിച്ചതിനുസരിച്ച് നാളിതുവരെ ഏകദേശം 2 മെഗാവാട്ട് സിസ്റ്റം ഇൻസ്റ്റാൾ ചെയ്യുവാനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ നടന്നുവരികയാണ്.

**2. സോളാർ ഓഫ്ഗ്രിഡ് പ്രോഗ്രാം (ബാറ്ററി ബാക്ക് അപ് ഓടുകൂടിയത്)**

വൈദ്യുത ശൃംഖലയുമായി ബന്ധമില്ലാത്ത മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് ബാറ്ററി ശേഷിയോടുകൂടി ഉപയോഗിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമായി 13 മെഗാവാട്ട് സ്ഥാപിതശേഷി ഇതുവരെ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2017-18 വർഷം 6.4 മെഗാവാട്ടാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

അതിൽ ഏകദേശം 4 മെഗാവാട്ട് സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ നടപടികൾ നടന്നു വരികയാണ്.

**3. RESCO (Renewable Energy Service Company) Model**

വൈദ്യുത പവർപ്ലാന്റ് മേൽക്കൂരയിൽ സ്ഥാപിച്ച് കുറഞ്ഞ നിരക്കിൽ സർക്കാർ സ്ഥാപനങ്ങൾക്ക് വൈദ്യുതി നൽകുന്ന പദ്ധതി നടപ്പിലാക്കുവാനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നു.

ജ്യോതിസ് എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര / സംസ്ഥാന സർക്കാർ കെട്ടിടങ്ങൾക്ക് മുതൽമുടക്കില്ലാതെ SECI എംപാനൽ ചെയ്തിരിക്കുന്ന ഏജൻസികൾ മുഖേന 50 കിലോവാട്ട് മുതൽ സോളാർ പാനലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

വൈദ്യുത ഉത്പാദനത്തിന് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് വിവിധ പദ്ധതികൾ അനെർട്ട് നടപ്പിലാക്കി വരുന്നു. കെ.എസ്.ഇ.ബി.എൽ വഴി സർക്കാർ കെട്ടിടങ്ങളിൽ ഗ്രിഡ് കണക്ടഡ് സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള ഒരു പദ്ധതിക്ക് അനെർട്ട് രൂപം നൽകിയിട്ടുണ്ട്.

ബി) നിലവിൽ നിർമ്മാണം നടന്നുവരുന്ന പ്രധാന ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) & (സി)

**<u>നിർമ്മാണം നടന്നുവരുന്ന കെ.എസ്.ഇ.ബി ജലവൈദ്യുത പദ്ധതികളും അവ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന തീയതികളും ചുവടെ ചേർക്കുന്നു.</u>**

| ക്രമനമ്പർ | പദ്ധതികൾ | സ്ഥാപിത ശേഷി (മെഗാവാട്ട്) | ഉൽപാദനശേഷി (ദശലക്ഷം യൂണിറ്റ്) | പൂർത്തിയാക്കാൻ ലക്ഷ്യമിട്ടുന്ന തീയതി |
|---|---|---|---|---|
| 1 | കക്കയം | 3 | 10.39 | 03/18 |

| | | | | |
|---|---|---|---|---|
| 2 | ഭൂതത്താൻ കെട്ട് | 24 | 83.50 | 12/ 2018 |
| 3 | പൊരിങ്ങൽ കുത്ത് | 24 | 45.02 | 12/ 2018 |
| 4 | അപ്പർ കല്ലാർ | 2 | 5.14 | 12/ 2018 |
| 5 | ചാത്തൻ കോട്ടനട -2 | 6 | 14.76 | 11/ 2019 |
| 6 | ചെങ്കുളം ഓഗ് മെന്റേഷൻ | - | 85 | 12/ 2020 |
| 7 | തോട്ടിയാർ | 40 | 99 | 06/ 2020 |
| 8 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 | 153.9 | 12/ 2020 |
| 9 | പഴശ്ശി സാഗർ | 7.5 | 25.16 | 4/2020 |
| | | **166.5** | **521. 87** | |

**സ്വകാര്യ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്ന ചെറുകിടജലവൈദ്യുത പദ്ധതികളും അവ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന തീയതിയും ചുവടെ ചേർക്കുന്നു.**

(1) 8 MW ന്റെ ആനക്കാംപോയിൽ പദ്ധതി (കോഴിക്കോട് ജില്ല)- 2018 ഒക്ടോബർ

(2) 4.5 MW ന്റെ അരിപ്പാറ പദ്ധതി (കോഴിക്കോട് ജില്ല)- 2018 ഡിസംബർ

(3) 20 kW ന്റെ കാട്ടുവെട്ടി മൈക്രോ ജലവൈദ്യുത പദ്ധതി- 2018 മെയ്

| | | | |
|---|---|---|---|
| (ഡി) | നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന പദ്ധതികളുടെ ആകെ ഉല്പാദന ശേഷി എത്രയാണെന്ന് അറിയിക്കാമോ? | (ഡി) | നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന കെ.എസ്.ഇ.ബി പദ്ധതികളുടെ ആകെ ഉല്പാദന ശേഷി 166.5 മെഗാവാട്ട് – 521.87 ദശലക്ഷം യൂണിറ്റ്. |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന സ്വകാര്യമേഖലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ആകെ ഉല്പാദന ശേഷി **12.52** MW. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പദ്ധതികളുടെ ലിസ്റ്റ്

| നമ്പർ | പദ്ധതിയുടെ പേര് | ജില്ല | സ്ഥാപിതശേഷി (MW) |
|---|---|---|---|
| 1 | ആറ്റ് ലെ I | പാലക്കാട് | 6.00 |
| 2 | ആറ്റ് ലെ II | പാലക്കാട് | 6.00 |
| 3 | ബാലൻതോട് | ഇടുക്കി/എറണാകുളം | 0.25 |
| 4 | ചെറുപുഴ മിനി HEP | മലപ്പുറം | 0.6 |
| 5 | ഇടത്തനാൽകത്ത് | ഇടുക്കി/എറണാകുളം | 0.5 |
| 6 | ഫർലോങ്കര | കണ്ണൂർ | 0.35 |
| 7 | കക്കടാംപോയിൽ II | കോഴിക്കോട് | 11.00 |
| 8 | കങ്ങപ്പുഴ | ഇടുക്കി | 0.75 |
| 9 | കാഞ്ഞിരപ്പുഴ | പാലക്കാട് | 1.00 |
| 10 | കീള്ളിക്കല്ല് | കോഴിക്കോട് | 3.00 |
| 11 | കുളിരാമുട്ടി | കോഴിക്കോട് | 3.00 |
| 12 | മന്തൻപോറ്റി | പാലക്കാട് | 3.00 |
| 13 | മുള്ളരിങ്കാട് | ഇടുക്കി/എറണാകുളം | 0.15 |
| 14 | ഓണിപ്പുഴ | കോഴിക്കോട് | 1.5 |
| 15 | പഴുക്കാനം | കോട്ടയം/ഇടുക്കി | 2.00 |
| 16 | പേരുവ | കണ്ണൂർ | 2.00 |
| 17 | പൊത്തൻതോട് – I | കണ്ണൂർ | 0.8 |
| 18 | തിപ്പിളിക്കയം | പാലക്കാട് | 1.5 |
| 19 | ഉറുട്ടിപ്പുഴ | കണ്ണൂർ | 1.00 |
| 20 | വാലൻതോട് – II | മലപ്പുറം | 3.00 |
| | മൊത്തം സ്ഥാപിതശേഷി | | **47.4** |